# ആമുഖം

പ്രാദേശികചരിത്രാന്വേഷണം വിമർശനാത്മകസമീപനം ആവശ്യപ്പെടുന്ന വൈജ്ഞാനികമണ്ഡലമാണ്. എന്നാൽ പലപ്പോഴും വിവരണാത്മകമായും ചരിത്രത്തിന്റെ ഒരു ചെറുപതിപ്പ് എന്ന നിലയിലുമൊക്കെയായാണ് അത് സമീപിക്കപ്പെടാറ്. ഏതൊരു വിഷയത്തെയും പോലെ പ്രാദേശികചരിത്രവും സൂക്ഷ്മമായ വിശകലനം ആവശ്യപ്പെടുന്നുണ്ട്. മലയാളത്തിൽ തൊണ്ണൂറുകൾ മുതൽക്കേ പ്രാദേശികചരിത്രാന്വേഷണങ്ങൾ ഉണ്ടാകുന്നുണ്ട്. 1990 ൽ കാതിയാളം അബൂബക്കർ എഡിറ്റു ചെയ്ത *കൊടുങ്ങല്ലൂർ ഡയറക്ടറി* ആയിരത്തോളം പേജുകളിൽ പ്രദേശത്തെ അന്വേഷിക്കുന്നുണ്ട്. പ്രൗഢചരിത്രാന്വേഷണത്തിന്റെ ബാധ്യതകൾ അതിലുണ്ടെങ്കിലും ധാരാളം സമാന്തരപാതകളെ ആ കൃതി ചർച്ചചെയ്യുന്നുണ്ട്. തൊണ്ണൂറുകളിൽ തന്നെ ഡോ. എൻ.എം. നമ്പൂതിരിയുടെ നേതൃത്വത്തിൽ വാണിയംകുളം വിജ്ഞാനീയം എന്ന പേരിൽ ബൃഹത്തായ പ്രാദേശികചരിത്രരചനാപദ്ധതി നടപ്പാക്കുന്നുണ്ട്. ശാസ്ത്രസാഹിത്യപരിഷത്ത് തൊണ്ണൂറുകളിൽ തന്നെ നടത്തിയ പ്രാദേശികചരിത്രാന്വേഷണ പ്രൊജക്ടുകൾക്ക് സഹായകമാകുന്ന തരത്തിൽ ഡോ. കെ.എൻ. ഗണേഷ് പ്രാദേശികചരിത്രരചനയ്ക്കൊരു കൈപ്പുസ്തകം എന്ന പേരിൽ ചെറിയൊരു രചന നിർവ്വഹിക്കുന്നുണ്ട്. ഡോ. സ്കറിയാ സക്കറിയ എഡിറ്റു ചെയ്ത *ചങ്ങനാശ്ശേരി '99* എന്ന പുസ്തകം സവിശേഷ ശ്രദ്ധയർഹിക്കുന്നു. ഇരുപത്തൊന്നാം നൂറ്റാണ്ടിൽ പ്രാദേശികചരിത്രാന്വേഷണം വ്യാപകമായി നടക്കുന്നുണ്ട്. കെ.സി.എച്ച്.ആർ. പ്രൊജക്ടുകൾക്ക് ഗ്രാന്റ് ഏർപ്പെടുത്തുന്നു. കലാലയങ്ങളിൽ മലയാളം, ചരിത്രം എന്നീ വിഷയങ്ങൾ ഐച്ഛികമായി പഠിക്കുന്ന ബിരുദ, ബിരുദാനന്തര വിദ്യാർത്ഥികൾ ധാരാളമായി ഈ മേഖലയിൽ ഇടപെട്ടുകൊണ്ട് ഡെസർട്ടേഷനുകൾ ചെയ്യുന്നുണ്ട്.

ഇങ്ങനെ വളരെ വ്യാപകമായി പ്രാദേശികചരിത്രാന്വേഷണങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും ശ്രദ്ധേയമായ പഠനങ്ങൾ കുറവാണെന്നു പറയാം. അതിനു പല കാരണങ്ങൾ ഉണ്ടാകാം. ഒന്ന് പ്രാദേശികച

രിത്രാന്വേഷണം ഏറ്റവും താഴെത്തട്ടിൽ നിന്നു നടക്കേണ്ടുന്ന ഒരു പ്രക്രിയയാണ്. ചരിത്രം പൊതുവേ മേലേത്തട്ടിൽ നിന്നാണ് അതിന്റെ അറിവിന്റെ ഘടനയെ പ്രതിഷ്ഠിക്കാറ്. അധീശവിജ്ഞാനത്തിന്റെ സ്വഭാവം ചരിത്രത്തിനുണ്ട്. അതുകൊണ്ടുതന്നെ ചരിത്രം അധീശഭാഷയായ ഇംഗ്ലീഷിലൂടെയാണ് നടപ്പായത്. കേരളത്തിലെ സർവ്വകലാശാലകളിലെ ചരിത്രവിഭാഗങ്ങളിൽ 1970 കൾ വരെ കേരളചരിത്രം ഒരു പഠനവിഷയമായിരുന്നില്ല എന്നത് ഈ അധീശസ്വഭാവത്തെയാണ് തെളിയിക്കുന്നത്. (കേരളത്തിലെ മലയാളസാഹിത്യപ്രബന്ധങ്ങൾ പോലും ഇംഗ്ലീഷിലെഴുതണമായിരുന്നു!) ഇന്നും നമ്മുടെ ചരിത്രപഠനം ഇംഗ്ലീഷിൽ കെട്ടിക്കിടക്കുകയാണ്. കെ.എൻ. ഗണേഷ് തിരുരങ്ങാടിയെക്കുറിച്ച് നടത്തിയ ചരിത്രപഠനം ഇംഗ്ലീഷിലാണ്! (2010). ചരിത്രത്തിന്റെ അപകോളനീകരണം നടക്കേണ്ടത് മാതൃഭാഷകളിലൂടെയാണ്. എന്നാൽ മലയാളഭാഷ ഐച്ഛികമായി പഠിക്കുന്നവർ പലരും ചരിത്രപഠനത്തിന്റെ രീതിശാസ്ത്രത്തിൽ പ്രയോജനപ്പെടുത്തുന്ന സൂക്ഷ്മപഠനത്തെ പാലിക്കുന്നുമില്ല. അതുകൊണ്ടുതന്നെ പല പഠനങ്ങളും വിശാലപരിപ്രേക്ഷ്യത്തിൽ പ്രദേശത്തെ കാണുന്നതിനെ തടയുകയും ചെയ്യുന്നു. പ്രാദേശികചരിത്രപഠനം നിശ്ചയമായും തദ്ദേശീയഭാഷകളിൽ ചിന്തിക്കുന്നവയാകണം. പ്രാദേശികചരിത്രപഠനത്തെ പ്രമേയമാക്കിയുള്ള ഈ പതിപ്പിൽ എല്ലാം മലയാളത്തിലാണ് എന്നുള്ളത് ഈ നിരീക്ഷണത്തെ സാധൂകരിക്കുന്നു എന്നാണ് ഞാൻ കരുതുന്നത്. എങ്കിലും വിവരണാത്മകം മാത്രമാകുന്നതിന്റെ ചില പരിമിതികൾ പല പ്രബന്ധങ്ങളിലും കാണാം.

ആദ്യഖണ്ഡം സിദ്ധാന്തചർച്ചയാണ്. പ്രാദേശികചരിത്രത്തിന്റെ വിഷയപരതയെക്കുറിച്ചാണ് ഇഷ്യൂ എഡിറ്റർ കൂടിയായ ഈ ലേഖകൻ എഴുതിയ പഠനം. ഡോ. വിനിൽ പോളിന്റെ ലേഖനം ദളിത് പഠനവുമായി പ്രാദേശികചരിത്രത്തെ ബന്ധിപ്പിക്കുന്നു. രണ്ടാമത്തെ ഖണ്ഡം 'ചരിത്രത്തിലെ' ചില ആശയങ്ങളെ സൂക്ഷ്മവിചിന്തനത്തിനു വിധേയമാക്കുന്ന 'സൈദ്ധാന്തികവിമർശന'ങ്ങളാണ്. ജോർജ്ജ് ആന്റണി, ഡോ. രാജേഷ് കോമത്ത് എന്നിവർ ചേർന്നു രചിച്ച പത്തായപ്പുരയെ സംബന്ധിച്ച ലേഖനം കേരളീയസമൂഹത്തിലെ ചില അധികാരഘടനകളെ തെളിയിക്കാൻ സഹായിക്കുന്നു. അടിസ്ഥാനജനതയുടെ ജീവിതത്തെ മുൻനിർത്തി ഓർമ്മ, കൃഷി എന്നീ ഘടകങ്ങളെ സാമൂഹ്യവിശകലനത്തിനു വിധേയമാക്കുകയാണ് ഡോ. കെ.പി. രാജേഷ്. കേരളചരിത്രരചനകളിലെ മതജാതി ബോധങ്ങളെ കടന്നാക്രമിക്കുന്ന ദീർഘമായ പ്രബന്ധമാണ് ഡോ. ഷിബിയുടേത്. കേരളചരിത്രവിമർശനം എന്ന നിലയിലാണ് ഈ പ്രബന്ധത്തിന്റെ പ്രാധാന്യം. വ്യ

ത്യസ്ത പഠനമേഖലകളിലെ അറിവിനെ പ്രയോജനപ്പെടുത്തിക്കൊണ്ട് കൊച്ചിയിലെ നഗരവത്കരണത്തിന്റെ സ്വഭാവത്തെ വിശകലനം ചെയ്യുന്ന സജ്ജ തോമസ്സിന്റെ പഠനം സവിശേഷ ശ്രദ്ധയർഹിക്കുന്ന പ്രബന്ധമാണ്. ചൂണ്ടെഴുത്തുകൾ എന്നൊരു സവിശേഷ സൂത്രവാക്കാണ് സജ്ജതോമസ് ഉപയോഗിക്കുന്നത്. വേലൂരിനെക്കുറിച്ചുള്ള ഒരു പ്രാദേശികചരിത്രകൃതിയെ വിശകലനം ചെയ്യുന്ന പ്രബന്ധമാണ് ഡോ. റോയ് മാത്യുവിന്റെ പഠനം.

മൂന്നാമത്തെ ഖണ്ഡമായ 'അരികുജീവിത'ത്തിൽ കാസർഗോഡിലെ നാടൻപാട്ടുകളിൽ നിന്ന് പ്രാദേശികസംസ്കൃതിയെ കണ്ടെത്താൻ ശ്രമിക്കുകയാണ് വനജ കെ.വി.; സമാനമായി മേഴ്സി കെ.വിയുടെ അട്ടപ്പാടിയിലെ മുഡുഗരെ കുറിച്ചുള്ള പഠനവും. ഇരിങ്ങാലക്കുട പ്രദേശത്ത് പ്രചാരത്തിലുള്ള അയ്യൻ ചിരുകണ്ടനെക്കുറിച്ചുള്ള അനക്ഡോട്ട് ആണ് സിന്റോ കൊങ്കോത്തിന്റെ പ്രബന്ധവിഷയം. വലിയൊരു തുടർപഠനസാധ്യത നൽകുന്ന ക്യാൻവാസാണ് ഈ പ്രബന്ധം.

തൊഴിൽ മണ്ഡലം എന്ന നാലാം ഖണ്ഡത്തിൽ കേരളത്തിലെ കയർത്തൊഴിലാളികളുടെ സംഘടനാചരിത്രത്തെക്കുറിച്ച് ഡോ. ബീന കെ. വിവരിക്കുന്നു. ഇടുക്കി മേഖലയിലെ തോട്ടം കേന്ദ്രീകരിച്ച് അധിനിവേശകാലം മുതല്ക്കേ നടന്ന കുടിയേറ്റം ഒരു പ്രദേശത്തെയും ജീവിതത്തെയും എങ്ങനെ നിർണ്ണയിച്ചു എന്നുള്ള അന്വേഷണമാണ് ഡോ. അർച്ചന എ.കെയുടെ പ്രബന്ധം. ബാലരാമപുരം കൈത്തറിയും തൊഴിലിടസംസ്കാരവുമാണ് ഡോ. ശ്രീജ ജെ.എസിന്റെ പ്രബന്ധം. കായംകുളം കായലിലെ പാച്ചിൽ ചങ്ങാടം എന്ന മീൻപിടുത്ത രീതിയെ മുൻനിർത്തി ഓരോ പ്രദേശവും തങ്ങളെ എങ്ങനെ അടയാളപ്പെടുത്തുന്നു എന്ന അന്വേഷണമാണ് അഭിജിത്തിന്റെ പ്രബന്ധം.

ദേശം പ്രദേശം നിർമ്മിതി എന്ന അഞ്ചാം ഖണ്ഡത്തിൽ കരുവന്നൂർപ്പുഴ എങ്ങനെയാണ് പ്രാചീനകാലത്ത് പ്രദേശനിർമ്മിതിയിൽ നിർണ്ണായകമായത് എന്ന അന്വേഷണമാണ് മുകുന്ദൻ കുറുപ്പ് നടത്തുന്നത്. പുഴകൾ പ്രാദേശികതയെ നിർമ്മിക്കുന്നത് സവിശേഷ ശ്രദ്ധയർഹിക്കുന്ന കാര്യമാണ്. പയ്യന്നൂർ ഗ്രാമത്തെക്കുറിച്ചുള്ള ഡോ. വാസുദേവന്റെ പഠനവും ആ നിലയിൽ ശ്രദ്ധേയമാണ്. പ്രിയ പി.എയുടെ മണപ്പുറം എന്ന ഒരു സ്ഥലനാമമല്ലാത്ത പ്രാദേശികസ്വത്വത്തെ മുൻനിർത്തിയുള്ള പ്രബന്ധം തുടർപഠനസാധ്യതകൾ തുറന്നിടുന്ന പ്രബന്ധമാണ്. ഇന്തോനേഷ്യയിലെ ഒരു പ്രവിശ്യയായ ബാലിദ്വീപിലും തിരുമണിവെങ്കിടപുരത്തെ 'തടിതുള്ളലി'ലും കാണുന്ന സാദൃശ്യത്തെയും ജനകീയ ഓർമ്മയുടെ പ്രയാണത്തെയും അടയാളപ്പെടുത്തുന്ന സ്വപ്ന ശ്രീനിവാസന്റെ പ്രബന്ധം കൗതുകമാർന്നതാണ്.

എടയ്ക്കാട്ടുവയലിലെ ബൗദ്ധസൂചനകളെക്കുറിച്ചുള്ള പ്രബന്ധവും വയനാട്ടിലെ കിടങ്ങനാട്ട് ജൈനബസ്തിയെക്കുറിച്ചുള്ള പ്രബന്ധവും സ്മാരകങ്ങളെ മുൻനിർത്തി പ്രാദേശികതയെ നിർണ്ണയിക്കാൻ ശ്രമിക്കുകയാണ് ചെയ്യുന്നത്. സാമാന്യമായ ചില കാഴ്ചകളെ മുൻനിർത്തി പൊതുനിഗമനങ്ങളിലെത്തുന്ന ഒരു പ്രവണത ശ്രീക്കുട്ടിയുടെ പ്രബന്ധത്തിൽ ഒരു പരിമിതിയായി കാണാം. എങ്കിലും ആ ദേശത്തെ കൂടുതൽ സൂക്ഷ്മതയോടെ പഠിക്കാൻ പ്രചോദനം നൽകുന്നുണ്ട്. വാമൊഴികൾ ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന സാധ്യതകളും അതിൽ പുലർത്തേണ്ട ജാഗ്രതയും മഞ്ചിമാ സുരേഷിന്റെ കിടങ്ങനാട്ട് ബസ്തിയെക്കുറിച്ചുള്ള പ്രബന്ധത്തെ വേറിട്ടതാക്കുന്നുണ്ട്. എല്ലാ ലേഖകരോടുമുള്ള നന്ദി ഇവിടെ രേഖപ്പെടുത്തട്ടെ.

പ്രാദേശികചരിത്രത്തിനു വേണ്ടി ഒരു പതിപ്പ് വിഭാവനം ചെയ്ത *മലയാളപ്പച്ച*യുടെ എഡിറ്റോറിയൽ ടീമിനെ അഭിനന്ദിക്കുന്നു. ആ ചുമതല എന്നെ ഏൽപ്പിച്ച ഡോ. ജി. ഉഷാകുമാരി ടീച്ചറോടും ചീഫ് എഡിറ്റർ ഡോ. മുഹമ്മദ് ബഷീർ മാഷോടും കെ.കെ.ടി.എം. ഗവ. കോളേജിലെ മലയാളവിഭാഗം അദ്ധ്യാപകരോടും അവർ എന്നിലർപ്പിച്ച വിശ്വാസത്തിന്റെ പേരിൽ നന്ദിപറയുന്നു. പിയർ റിവ്യൂ നടത്താൻ വലിയ അദ്ധ്വാനമെടുത്ത ഡോ. കെ.എം. അനിൽ, ഡോ. പി.എസ്. മനോജ് കുമാർ, ഡോ. അഭിലാഷ് മലയിൽ, ഡോ. മനോജ് എം.ബി. എന്നിവരോടും സ്നേഹത്തോടെ നന്ദി അറിയിക്കട്ടെ. തുടർപഠനത്തിനുള്ള സാധ്യത നൽകും എന്ന വിശ്വാസത്തോടെ ഗവേഷകർക്കും വായനക്കാർക്കും മുന്നിൽ ഈ പതിപ്പ് സമർപ്പിക്കുന്നു.

ഡോ. ആദർശ് സി.
ഇഷ്യൂ എഡിറ്റർ